1. യാക്കോബിൻ ദൈവമെന്നും നമുക്കുള്ളവൻ
നമ്മെ ജീവപര്യന്തം കാത്തീടുമേ
ഓരോ ദിവസവും കൃപനൽകി നമ്മെ
ഇമ്മാനുവേലവൻ താൻ നടത്തീടുമേ...
ഹല്ലേലുയ്യാ അവൻ ആത്മരക്ഷകൻ
ഹല്ലേലുയ്യാ അവൻ സൗഖ്യദായകൻ
ഹല്ലേലുയ്യാ ശുദ്ധാത്മദായകൻ
നമ്മെ നിത്യതക്കായ് ഒരുക്കീടുന്നു

2. ആഴിയിൽ നാം കടന്നു പോയിടിലും
അതു നമ്മെ കവിഞ്ഞിടാതെ കാത്തിടുമേ
തീയിൽ നാം ആകിലും ജ്വാലനമ്മെ തെല്ലും
ഏശാതിമ്മാനുവേൽ താൻ നടത്തീടുമേ...

3. സാക്ഷാൽ രോഗങ്ങൾ അവൻ വഹിച്ചതിനാൽ
എല്ലാ വേദനയും അവൻ ചുമന്നതിനാൽ
അടിപ്പിണരാൽ അവൻ സൗഖ്യമാക്കി നമ്മെ
ഇമ്മാനുവേലവൻ താൻ നടത്തീടുമേ

4. ബലശാലിയായവൻ വന്നീടുമേ...
എല്ലാ പ്രതിഫലവും അവൻ തന്നീടുമേ
ആത്മാവിനാലതിനായൊരുക്കി നമ്മെ
ഇമ്മാനുവേലവൻ താൻ നടത്തീടുമേ

5. സീയോൻ പ്രയാണികളെ ആനന്ദിപ്പിൻ
നിങ്ങൾ ദുഃഖവും നെടുവീർപ്പും ഓടീടുമേ
നിത്യാനന്ദം നമ്മിൽ പകർന്നു നമ്മെ ഇന്നും
ഇമ്മാനുവേലവൻ താൻ നടത്തീടുമേ...

1. Yakobin davivamennum namukkullavan
Namme Jeevaparyantham kaatheedume
Oro dhivasavum kripa nalki namme
Emmanuvelavanthaan nadatheedume
Halleluah-avan aathmarakshakan
Halleluah-avan soukaydhaayakan
Halleluah-shudhaalmadhaayakan
Namme nithyathakkai orukeedunnu

2. Aazhiyil naam kadannu poyeedilum
Athu namme kavingeedaathe kaatheedume
Theeyil naam aakilum jwaala namme thellum
Esaathimmaanuel thaan nadatheedume

3. Saakshaal rogangal avan vahichathinaal
Ellaa vedanayum avan chumannathinaal
Adipinaraalavan soukyamakki namme
Emmaanuvelavan thaan nadatheedume

4. Balasaaliyaayavan vanneedume
Ella prathiphalavum avan thannedumel
Aathmaavinaalathinaayoruki namme
Emmaanuvelavan thaan nadatheedume

5. Zeyon prayaanikale aanandippin
Ningal dhukkavum neduveerpum oodeedume
Nithyaanandam nammil pakarnnu namme ennum
Emmaanuvelavan thaan nadatheedume